സാന്റോ തോമസ് അലക്സ്

ഗവി

പുനലൂരിൽ നിന്ന് ഡിവൈഎസ്പി സുരേഷ് കുമാർ കെഎസ്ആർടിസി ബസ്സിലേക്ക് കയറി,അത് ഗവിയിലേക്ക് പോകുന്ന ഫാസ്റ്റ് പാസഞ്ചർ ആയിരുന്നു,സാധാരണ വിനോദസഞ്ചാരങ്ങൾക്കായി പുനലൂർ ഡിപ്പോ ഗവി പ്ലാങ്കമൺ ചോല അഗസ്തികൂടം തുടങ്ങിയ സ്ഥലങ്ങളിലേക്ക് വിനോദയാത്രികരെ പ്രകൃതിയുമായി ഇണ ചേർന്നിരിക്കാൻ കെഎസ്ആർടിസി വിവിധ ടൂറിസം പദ്ധതികൾ ഒരുക്കുന്നുണ്ടായിരുന്നു
,ഇത് സാധാരണയായി നടത്താറുള്ള ഗവിയിലേക്കുള്ള ഓർഡിനറി ട്രിപ്പ് മാത്രമായി അവശേഷിക്കുന്നതാണ്, ഒരു ദിവസം ഒരു യാത്ര മാത്രമാണ് കെഎസ്ആർടിസി പുനലൂരിൽ നിന്ന് ഗവിയിലേക്കുള്ളത്, അതും തിങ്ങി നിറഞ്ഞ യാത്രികരാണ് അതിനുള്ളിൽ. ചിലപ്പോഴാകട്ടെ ആൾ തിരക്കില്ലാതെ ആളൊഴിഞ്ഞ ഇരിപ്പിടങ്ങളിൽ
കിടന്ന് ടൂറിസ്റ്റ് ബസ്സുകളിൽ പോകുന്ന പോലെ യാത്ര ചെയ്യുവാൻ സാധിക്കും. ടൂറിസ്റ്റ് ബസുകളിലെ എയർ കണ്ടീഷണറുകൾക്കും, ഇടുങ്ങിയ ഗ്ലാസ് ക്രമീകരണത്തിനുമൊന്നും,കെഎസ്ആർടിസിയിൽ നമ്മുടെ കേരള സർക്കാരിന്റെ ആനവണ്ടി പുറത്തിരുന്ന് പോകുന്ന സുഖം ഒന്നും കിട്ടില്ലെന്ന് സാധാരണ സഞ്ചാരികൾക്ക് അറിയാം.
,പുനലൂരിൽ സ്വന്തം നാട്ടിൽ സ്വന്തം പോലീസ് സ്റ്റേഷനിൽ നല്ല ഉദ്യോഗം ചെയ്യാൻ ഭാഗ്യം ഉണ്ടായി എങ്കിലും സസ്പെൻഷൻ സുജീഷ് കുമാറിനെ ഒരു മാസമായി സാധുവാക്കിക്കൊണ്ടിരിക്കുന്നു. അദ്ദേഹം മീശ പിരിക്കൽ നിർത്തി താഴ്ത്തി വെച്ചു ,ആരോടും ഒരു മാസമായി കാർക്കശ്യമായി സംസാരിക്കാറില്ല,
കാണ്ടാമൃഗത്തിന്റെ തൊലി ശാസ്ത്രക്രിയ ചെയ്തു ചെമ്മരിയാടിന്റെ തൊലി ഇമ്പ്ലാന്റ് ചെയ്തു ഒട്ടിച്ചു വച്ചിരിക്കുന്നു,അദ്ദേഹം തള്ളവിരലിന്റെ കൂർത്ത നഖം കുത്തബ്മിനാർ പോലെ വളർത്തിയിരുന്നു,അതിൽ ധാരാളം ചപ്പുചവറുകൾ നിറഞ്ഞിരുന്നു,അതെല്ലാം വെട്ടിവെടുപ്പ് ആക്കിയിരുന്നു. അപരാധിയുടെയും

നിരപരാധിയുടെയും കഴുത്തു മുറിച്ചു ചോര വരുത്താറുണ്ടായിരുന്ന തന്റെ കഠാര മൂർച്ചയേറിയ തള്ളവിരലിലെ നഖം പോയതിൽ ആനവണ്ടിയുടെ കമ്പിയിൽ കൈ വച്ചിരുന്ന സുജീ ഷ് കുമാറിന് യാതൊരുവിധ ഖേദവും ഇല്ല,
ഭാര്യവീട്ടിൽ നിന്ന് ലഭിച്ച സെൻ കാറിൽ ഭാര്യ രേണുകയ്ക്കും രേഷ്മയ്ക്കും ഒപ്പം ജില്ലാ ജില്ലാന്തരം സുഖ യാത്രകൾ നടത്താറുണ്ടായിരുന്ന സുജീഷ് കുമാർ സുദിനങ്ങൾ സ്മരിച്ചുകൊണ്ട് ഗവിയിലക്കുള്ള യാത്രയിൽ ഭാര്യ രേണുകയും മകൾ രേഷ്മയും ഇല്ലാത്തതിലും ഖേദം ഒന്നുമില്ല, അവൾ വരില്ല സുജീഷിന് നന്നായി അറിയാം സസ്പെൻഷൻ ലഭിച്ചതിൽ പിന്നെ കാറിലെ പെട്രോൾ തീർന്നു,നല്ല കാലമെല്ലാം അവളെയും മകളെയും നാട് നാടാന്തരം കൊണ്ട് നടന്ന ഞാനും എന്റെ സെൻ കാറിനും അവൾ നൽകിയ പ്രത്യുപകാരമാണ് മുഖം വീർപ്പിക്കൽ സമരം.എന്തുകൊണ്ട് എനിക്ക് ഇങ്ങനെ വന്നു.അതെ സുജീഷ് വാ തുന്നി കെട്ടി വെച്ചു,നാക്ക് ഫെവിക്കോൾ പിരട്ടി ഒട്ടിച്ചു.നേരത്തെ സ്റ്റേഷൻ സടകൾ കൊണ്ട് ഇളക്കി വിറപ്പിച്ച സിംഹ കുഞ്ഞായിരുന്നു ഞാൻ.

നേരത്തെ പരാതിയുമായി വരുന്നവരോട് ഒട്ടുമിക്ക സമയത്തും അവൻ വാ തുറന്ന്
ദുർഗന്ധം അടിപ്പിച്ചിരുന്നു, അവരെല്ലാം അവന്റെ മുൻപിൽ നില്കാതെ ജീവനും കൊണ്ട്
ഓടി. പരാതിക്കാർ പരാതി ഇല്ലാതെ മൂക്കുപൊത്തി വാ അടച്ചു വീട് പറ്റിയിരുന്നു, ഡി
വൈ സ് പി ആയി അധിക നാൾ ഇരുന്നില്ല, താനൊരു പാട് അഹങ്കരിച്ചിരുന്നതായി സുജീഷ്
കുമാർ മീശ തലോടി മനോവിചാരം ചെയ്തു. ഗവിയിലേക്കുള്ള യാത്രക്ക് കാക്കി പാന്റ്
തന്നെ ധരിച്ചു. കളർ ഷർട്ടാണ്, കടുനീലയും വെള്ളയും ചേർന്ന ചതുര കണങ്ങൾ കൊണ്ട് അതി ഷർട്ട് ആണ് ധരിച്ചിരിക്കുന്നത്, പുനലൂരിൽ നിന്ന് കയറിയ സജ്ജനങ്ങൾ സുജീഷ് കുമാറിന്റെ കണ്ണിമ തെറ്റിക്കാതെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു,

ഏതോ അമ്മച്ചിയുടെ പിറുപിറുപ്പ് സുജീഷ് കുമാറിന്റെ കാതിലുമെത്തി, ഏതോ സിനിമ
നടൻ നമ്മുടെ ആന വണ്ടിയിൽ കയറിയിരിക്കുന്നു, അയാൾ പുറത്തെ വിശാലമായ കാഴ്ചകൾ
കണ്ടു രസിക്കുന്നു, ഒരു ഫ്രീക്കൻ യുവാവ് സുജീഷ് കുമാർ ഇരിക്കുന്നതിന്റെ
അടുത്ത് വന്നു സെൽഫി എടുക്കാൻ അനുവാദം ചോദിച്ചു. സുജീഷ് കുമാർ മറുപടി ഒന്നും പറഞ്ഞില്ല, അവന്റെ മുൻപിൽ നിന്ന് മുഖം മാറ്റി, മീശ പിരിക്കേണ്ട സമയമായിരിക്കുന്നു. യുവാവിനോട് കമ്പിയിൽ പിടിച്ചു നിൽക്കുന്ന പടുവൃദ്ധ ചോദിച്ചു,
അയാൾ ഒരു മുരടനാ അമ്മച്ചിയെ കിട്ടുന്ന കാശ് എല്ലാം വീട്ടിൽ ചെലവാക്കി ഒന്നുമില്ലാതെയായി.

ആൽഫ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിക്കുന്ന രേഷ്മ കെങ്കേമി സുജീഷിനെക്കാൾ മിടുക്കി. രേണുക ആ സ്കൂളിൽ തന്നെ സോഷ്യൽ സയൻസ് പഠിപ്പിക്കുന്നു, ആരോ ഹെഡ്മാസ്റ്ററിന്റെ മുറിയിൽ ഒരു വാർത്ത കൊടുത്തിരിക്കുന്നു, രേണുകയുടെ ഭർത്താവ് സുജീഷ് കുമാറിനെ സസ്പെൻഡ് ചെയ്തിരിക്കുന്നു. പോലീസ് സ്റ്റേഷൻ ഭിത്തികളിൽ പ്രകമ്പനം കൊള്ളിച്ച് പ്രതികളെ ഇടിച്ചു പിഴിഞ്ഞ് കഷായം ഉണ്ടാക്കി കുടിക്കുന്ന ഡിവൈഎസ്പിക്ക് സസ്പെൻഷൻ കിട്ടിയിരിക്കുന്നു. എങ്ങനെ കിട്ടാതിരിക്കും? അയാളുടെ ഭാര്യ ഒരുത്തി ഉണ്ടല്ലോ രേണുക ഇവിടുത്തെ ടീച്ചർ. രണ്ടും ഒരേ കണക്ക് തന്നെ. ചക്കിക്കൊത്ത ചങ്കരൻ ഇവരെന്റെ പേരക്കുട്ടിയുടെ ചന്തി പഴുപ്പിച്ചാണ് മിഡിൽ ടേമിൽ പറഞ്ഞുവിട്ടത്. അവൻ ഒരാഴ്ച ആശുപത്രിയിലായിരുന്നു, ഞങ്ങൾ എത്ര തവണ രേണുകക്കെതിരെ പരാതിയുമായി വന്നു.നിങ്ങൾ ആക്ഷൻ എടുത്തോ? രൗദ്രഭാവത്തോടെ ഹെഡ് മിസ്സസിന്റെ മുൻ സീറ്റിലിരുന്ന്ന് വാർഡ് മെമ്പർ പ്രദീപ് പറഞ്ഞു.അത് ക്ലാസിൽ കിടന്നു തല്ലുണ്ടാക്കുകയും ടീച്ചറിനോട് തറു തല പറയുകയും

ചെയ്തതിനാ തല്ലിയത്, അല്ലാതെ രേണുക ടീച്ചറിന്റെ തെറ്റല്ല കേട്ടോ, നിങ്ങൾ പാവം ടീച്ചറിന്റെ തലയിൽ കയറാതെ.

മിസ്സ് സൂസൻ ജോർജ് നീരസ ഭാവത്തിൽ മെമ്പറുടെ ആരോപണം പുച്ഛിച്ചുതള്ളി . പക്ഷേ മറ്റു ടീച്ചർമാരുടെ ആക്കിയുള്ള ചിരി ഭർത്താവിന്റെ അഹ ഭാവം ഇല്ലാതെ ആക്കി എന്നുള്ള പരിഹാസം രേണുകയെ നോവിച്ചു. അവർ ഭർത്താവിന്റെ വീരസാഹസിക കഥകൾ എല്ലാ ടീച്ചർമാർക്കും ഒരുപോലെ വിളമ്പി കൊടുത്തെങ്കിലും പാവം സുജീഷ് കുമാർ ഡിവൈഎസ്പിയോട് പിണക്കത്തിന്റെ അമിട്ട് പൊട്ടിക്കാൻ തീരുമാനിച്ചു. രാവിലെ രേണുക സ്കൂളിൽ പോകുമ്പോൾ തന്നെ സുജീഷ് കുമാർ ഒരു യാത്ര പുറപ്പെടുകയാണ് എന്ന് പറഞ്ഞ് കൂടെയിറങ്ങി താക്കോൽ എടുത്ത് കതക് പൂട്ടി ഭാര്യക്കും മകൾക്കും ഒപ്പം ജംഗ്ഷൻ വരെ കൂടെ നടന്നു. പിന്നീട് അങ്ങോട്ട് ഇരുവരും ഇരു ദിശയിൽ.

ഒന്നിച്ച് നടന്നപ്പോൾ മിണ്ടാത്തവർ വിപരീത ദിശയിൽ മിണ്ടില്ലല്ലോ.. ഗവിയിലേക്കുള്ള ആനവണ്ടി വിറയ്ക്കാൻ തുടങ്ങി,പതിവിലും അരോചകരമായ മൂളൽ കണ്ടിട്ട് സുജീഷ് കുമാർ ആശങ്ക കുലനായി. ഈ വണ്ടിയിൽ ഗവിയിൽ നിന്ന് തിരികെ വരുമോ? എന്ന ചോദ്യം അവനെ അലട്ടാൻ തുടങ്ങി.എനിക്കെന്റെ ഭാര്യയും മകളെയും കാണാൻ കഴിയുമോ.

കണ്ടിട്ടും വലിയ കാര്യമൊന്നുമില്ല..സസ്പെൻഷൻ ആയതിൽ പിന്നെ അവർക്ക് സുരേഷ് കുമാറിനെ വേണ്ട. ഡിവൈഎസ്പി സുരേഷ് കുമാറിന്റെ മതി. എന്നു തോന്നുന്നു നേരത്തെ എന്തായിരുന്നു പറയാതെ നടത്തിയ റെയിഡുകളും അന്വേഷണങ്ങളും എല്ലാം മേധാവി മേലാളന്മാരെ വിറങ്ങലിപ്പിക്കുന്നത് തന്നെയാണ് അതുകൊണ്ടാണ് ഈ കേസ് അന്വേഷണത്തിൽ പിഴവുകൾ ഉണ്ട് എന്ന് പറഞ്ഞ് അകാരണ സസ്പെൻഷൻ. പുറപ്പെടുവിച്ചത്.

മേധാവിമാരുടെ ഒത്തുകളി തന്നെയായിരുന്നു. ആത്മാർത്ഥ സേവനത്തിന് എനിക്ക് കിട്ടിയ പ്രത്യുപകാരം. അഞ്ചു പൈസ കൈക്കൂലി വാങ്ങിക്കാതെ ആണ് ഇതുവരെ പണിയെടുത്തത്. ക്രിമിനൽ കേസിൽ പ്രതി കുറ്റക്കാരൻ ആണെന്ന് ബോധ്യപ്പെട്ടാൽ ഇടിയുടെ പെരുന്നാൾ നടത്താറുണ്ട്, അത് തെറ്റാണെന്ന് സുജീഷിനു ഇതുവരെ തോന്നിയിട്ടുമില്ല.സുജീഷിന്റെ ഇളയച്ഛൻ സർക്കിൾ ആയി ആണ് റിട്ടയർ ചെയ്തത്.

അദ്ദേഹത്തിന്റെ നീതിയുക്തമായ പ്രവർത്തന രീതി തന്നെയാണ് സുജീഷും പിന്തുടരുന്നത്.കമ്പികൾക്ക് മുകളിൽ ചിലതിൽ കൈവെച്ച് കാലുകൾ നീട്ടി പുറം സീറ്റിൽ ചാഞ്ഞ് തന്റെ പ്രവർത്തിയെ ന്യായീകരിച്ച് സുജീഷ് യാത്ര തുടർന്നു. അടൂർ കഴിഞ്ഞപ്പോഴേക്കും പതിവിനു വിപരീത തമായി ബസ്സിൽ സഞ്ചാരികൾ തിക്കും തിരക്കും ഉണ്ടാക്കി. വേനൽചൂടിൽ വിയർപ്പിൽ തുണിയും ശരീരരവും ഒട്ടിച്ചു നിർത്തിയിരിക്കുന്ന അവസ്ഥയിൽ നിൽക്കുന്ന യാത്രക്കാർ അസഹിഷ്ണതയോടെ ദുർവർത്തമാനം പറഞ്ഞു ഗവിയിലേക്കുള്ള യാത്രയെ ഭൂമിക്കടിയിലേക്കുള്ള യാത്ര ആക്കാൻ ശ്രമിച്ചു. പത്തനംതിട്ട ആയപ്പോഴേ പകുതിയിലേറെ യാത്രികർ ആനപ്പുറത്തുനിന്നിറങ്ങി, മറ്റുള്ളവർ വിയർപ്പ് ഉണങ്ങിയ ദേഹത്തേക്ക് തണുത്ത കാറ്റിനായി സീറ്റുകൾക്ക രികിൽ വന്നു നിലയുറപ്പിച്ചു.
“ആളു കയറാൻ ഉണ്ട്, ആളു കേറാനുണ്ട് ““

ചാര നിറത്തിലെ ഷർട്ടും, ഒരു കൈ മുണ്ടിലും പിടിച്ചുകൊണ്ട് ഒരാൾ കണ്ടക്ടറെ നോക്കി വണ്ടി നിർത്താൻ ആവശ്യപ്പെട്ടു. സ്വല്പം മുന്നോട്ടു നീങ്ങിയ കെഎസ്ആർടിസി ഗത്യന്തരം ഇല്ലാതെ അയാളുടെ അമറി വിളിയിൽ നിർത്തി. അയാൾ കിതച്ചുകൊണ്ട് കൈവിരലുകൾ കൊണ്ട് വിയർപ്പ് തട്ടിക്കളഞ്ഞു സുജീഷ് കുമാർ ഡിവൈഎസ്പിയുടെ അരികിൽ ആസന്നനായി, അയാൾ പോക്കറ്റിൽ ഇരുന്ന കറുത്ത കണ്ണട മുഖത്ത് വെച്ച് എന്നിട്ട് സുജീഷ് കുമാറിനെ തോണ്ടി.സുജീഷ് ഈർച്ചയോടെ അയാളുടെ മുഖത്തേക്ക് നോക്കി. അയാൾ ചിരി പാസാക്കി കൊണ്ട് പറഞ്ഞു.

“ഞാൻ വെങ്കിടേഷ് അയ്യർ റിട്ടയേർഡ് ആർമി ജനറൽ. തിരുനെൽവേലിയിൽ താമസിക്കുന്നു.

“ഞാൻ താങ്കളോട് ഒന്നും ചോദിച്ചില്ലല്ലോ” സുജീഷ് കുമാർ ഉടനെ മറുപടി പറഞ്ഞു. എന്താണ് ഇത്ര ഗൗരവം?
വെങ്കിടേശൻ താഴ്ന്ന സ്വരത്തിൽ ചോദിച്ചു.

” ഞാൻ ഗവി വരെ പോവുകയാണ്,
ഓക്കേ സാർ ഞാനും ഗവിയിലേക്കാണ് പോകുന്നത് അവിടുത്തെ കാഴ്ചകൾ കാണാൻ.

മൂന്നുമാസമായി ഞാൻ കേരളമാകെ യാത്രകൾ ചെയ്യുകയാണ്,ഇവിടുത്തെ ദേശം ആയും, മനുഷ്യരുമായും,മണ്ണുമായും കാറ്റുമായും ഞാൻ ലയിച്ചു ചേർന്നിരിക്കുകയാണ്.

താൻ എങ്ങനെയാണ് മലയാളഭാഷ സംസാരിക്കുന്നത്?

വെങ്കിടേഷിന്റെ വർത്തമാനത്തിന് ഗൗരവത്തോടെ സുജീഷ് കുമാർ മറുപടി ചോദിച്ചു. ഞാൻ ജനിച്ചത് പാലക്കാട് ആണ്.മൂന്നാം ക്ലാസ് വരെ ഇവിടെയാണ് പഠിച്ചത് അച്ഛനും മധുര ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ ജോലി ലഭിച്ചപ്പോൾ ഞങ്ങളെയും അങ്ങോട്ട് കൂട്ടി കൊണ്ടു പോയി. അമ്മ ഞാൻ പഠിച്ച സ്കൂളിലെ ടീച്ചർ ആയിരുന്നു.

വെങ്കിടേഷ് പറഞ്ഞത് കേട്ട് സുരേഷ് കുമാർ ഗൗരവം മാറ്റാതെ ചോദ്യം തുടർന്നു.. തന്റെ അഭിസംബോധന സംസാരം കേട്ടിട്ട് ഒരു നല്ല വീട്ടിൽ ജനിച്ച യാതൊരു ലുക്കും ഇല്ലല്ലോ.. ഊള കണ്ണടയും വെച്ച് അപരിചിതരോട് ദുരുദ്ദേശത്തോടെ വാചകക്കസർത്ത് നടത്തുന്നു.

സുധീഷ് കുമാറിന്റെ മറുപടി കേട്ട് വെങ്കിടേഷ് വിങ്ങിപ്പൊട്ടി കരയുന്ന പോലെ അല്പം സ്വരം ഇടറി പറയാൻ തുടങ്ങി..
“അയ്യോ സാർ ഞാൻ ഒരു കുഴപ്പവും ഉണ്ടാക്കുന്നതല്ല തികഞ്ഞ ഗൗരവത്തിലാണ് കഴിഞ്ഞ ഒരു വർഷം വരെ ജീവിച്ചത്. എന്റെ കുളന്തി സുനന്ദ വാഹനാപകടത്തിൽ മരിച്ചു. അവളുടെ വേർപാടിന്റെ വേദന എന്നെ വിട്ട് ഒഴിഞ്ഞിട്ടില്ല.എനിക്ക് കൂട്ടുകാരായി ആരുമില്ല. ഞാൻ മെഡിക്കൽ ട്രീറ്റ്മെന്റ് അമൃത ഹോസ്പിറ്റലിൽ നടത്തി വരികയാണ്. അവിടുത്തെ ഡോക്ടർ ആണ് പലപ്പോഴും യാത്രകൾ ചെയ്യേണ്ട കാര്യത്തെപ്പറ്റി പറഞ്ഞത്. “സാർ പോലീസിലാണോ “
വെങ്കിടേഷ് ചോദിച്ചു.

സുജീഷ് കുമാർ മൂളി. ഞാൻ 2017 ൽ ആർമിയിൽ നിന്ന് റിട്ടയേഡ് ആയി പിറ്റേ വർഷം ഭാര്യ മരിച്ചു അവൾ ഉണ്ടായിരുന്നപ്പോൾ ഞങ്ങൾക്ക് ഒരുമിച്ച് യാത്ര ചെയ്യാൻ സാധിച്ചിട്ടില്ല. അവൾക്കൊപ്പം മുറികിടക്കയിലും ആശുപത്രി കിടക്കയിലും മാറിമാറി ഒരു വർഷം ചെലവഴിച്ചു. തീർത്തും കഷ്ടത നിറഞ്ഞ ദിനങ്ങൾ ആയിരുന്നു. അവൾ ഉണ്ടായിരുന്നെങ്കിൽ എവിടെല്ലാം യാത്ര പോയേനെ,അവൾക്ക് യാത്രകൾ വളരെയധികം ഇഷ്ടമാണ്. യാത്ര എന്ന് പറയുന്നത് കേട്ടാൽ മതി, പെട്ടിയും കിടക്കയും എടുത്ത് എന്നെക്കാൾ വേഗത്തിൽ ഇറങ്ങും.
ഭാര്യയ്ക്ക് എന്താണ് അസുഖം?
സുജീ ഷ് കുമാർ ചോദിച്ചു. അവൾ വൃക്ക രോഗി ആയിരുന്നു. ആഴ്ചയിൽ ഡയാലിസിസ് ചെയ്യണം.

“ഒരുപാട് രൂപ വേണ്ടിവന്നിരുന്നു അല്ലേ” സുജീ ഷ് കുമാർ വീണ്ടും ചോദിച്ചു.
എത്ര രൂപ വേണമെങ്കിലും ചെലവാക്കാൻ ഞാൻ തയ്യാർ ആയിരുന്നു. അവൾ എനിക്ക് ഒപ്പം യാത്ര ചെയ്യാൻ ഉണ്ടായിരുന്നെങ്കിലും..ദൈവം അവളെ ജീവിതയാത്രയിൽ വിപരീത ദിശയിലേക്ക് പറഞ്ഞയച്ചു.
വെങ്കിടേ ഷൻ മറുപടി പറഞ്ഞു.

സാർ ഏത് പോസ്റ്റിലാ പോലീസിൽ ജോലി ചെയ്യുന്നത്? ഞാൻ dysp.
ഇപ്പോൾ ഏത് സ്റ്റേഷനിലാ?
ഞാൻ ജന്മനാട്ടിൽ തന്നെ ആണ്.
പുനലൂർ അല്ലെ? അതെ.. സുജീഷ് പറഞ്ഞു.
വെങ്കിടേഷ് വീണ്ടും ചോദിച്ചു.

ഇപ്പോൾ ലീവിലാണോ?

സസ്പെൻഷനിലാണ്…

എന്തിനാണ് സാറിനെ സസ്പെൻഡ് ചെയ്തത്?

ഒരു നിരപരാധിയെ അപരാധിയാക്കാൻ ശ്രമിച്ചതിന്. അസൂയവാസികളായ ഉന്നത മേലാളന്മാർ എനിക്ക് പ്രത്യുപകാരം ചെയ്തു. ഇവരുടെയും സംഭാഷണത്തിൽ സുജീഷ് കുമാർ മറുപടി പറഞ്ഞു.

ഉടനെ വെങ്കിടെഷ് മറുപടി പറയാൻ തുടങ്ങി.
ഇതെല്ലാം ഫോഴ്സ് ഡിപ്പാർട്ട്മെന്റിൽ സ്ഥിരം നടക്കാറുള്ള കോഷ്ടിയാണ് ഇതിനൊരു മാറ്റവുമില്ല മേലാളന്മാരുടെ ഈഗോയും ജലസിയും വഴങ്ങി നിന്നില്ലെങ്കിൽ ഉടനെ പറഞ്ഞയക്കുക. ആത്മാർത്ഥ സേവനം ചെയ്യുമ്പോൾ നമുക്ക് നേരിടേണ്ടി വരുന്ന മധുരം കൂടിയ പ്രതിഫലം.

ഞാൻ ലഡാക്കിൽ ആയിരുന്നപ്പോൾ ഇതിനു സമാനമായ അനുഭവം ഉണ്ടായി. അതിപ്പോൾ വിവരിച്ചാൽ മനോഹരമായ നമ്മുടെ ഗവി യാത്ര കുരിശ് മലയിലേക്കുള്ള യാതന യാത്രയായി മാറും.

ശത്രുപാളയത്തിൽ നിന്നുള്ള തീയുണ്ടകളെ നെഞ്ചും വിരിച്ചു നേരിടാം. സ്വന്തം തട്ടകത്തിൽ നിന്നുള്ള കുഴി ബോംബുകളാണ് നമ്മുടെ ജീവനെ എടുക്കുന്നത്.

സുജീഷ് കുമാറിന് വെങ്കിടേഷ് അയ്യരോടുള്ള മനോഭാവത്തിൽ അയവ് വന്നു.അദ്ദേഹത്തിന്റെ സംഭാഷണവുമായി യോജിച്ചു നിന്നു. സസ്പെന്ഷന് മുൻപ് വരെ സുജീഷ് കുമാർ ആരുടെയും മുന്നിലും മീശ പിരിച്ചു വായിൽ നിന്ന് വെടി ഉണ്ടകൾ ഉതിർക്കാർ ഉണ്ടായിരുന്നു.

അതു പല മേലു ഉദ്യോഗസ്ഥരെയും ഗുരുതരമായി മുറിവേൽപ്പിച്ചു.

സാറിനെ എന്തിന്റെ ആരോപണത്തിൽ ആണ് സസ്പെൻഡ് ചെയ്തത്?

വെങ്കിടേഷ് അയ്യർ ചോദിച്ചു.

.ഒരു കൊലക്കേസ്. കൊലക്കേസോ!
വെങ്കിടേഷിനു ആശ്ചര്യം ഉള്ളവായി.

അതെ ശ്രീനാഥപുരത്തെ കൈലാസ് ഭവനത്തിൽ റിട്ടയേർഡ് അധ്യാപിക തനിച്ചു താമസിക്കുകയായിരുന്നു. എട്ടിന്നു രാത്രി പതിനൊന്നരയോടെ ഇവർ മരണപ്പെട്ടു. സ്റ്റേഷനിൽ വിവരം അറിയിച്ചതിനെ തുടർന്ന് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഹെഡ്കോൺസ്റ്റബളും പിസിയും അവിടെയെത്തി.അവിടെ കൂടിയിരുന്ന അയൽവാസികൾക്ക് ആളെ അറിയാമായിരുന്നു.

ആരാണ് ആൾ?
വെങ്കിടേഷ് ഉദ്വേഗത്തോടെ ചോദിച്ചു.

റിട്ടയേഡ് അദ്യാപികയുടെ അകന്ന ബന്ധു വർഷോപ്പ് നടത്തുന്ന വാസുക്കുട്ടൻ ആയിരുന്നു ആൾ. സുജീഷ് പറഞ്ഞു.

സാർ അത് അങ്ങനെ പോലീസിന് ഉറപ്പിക്കാം സാധിക്കും വാസു കുട്ടനാണെന്ന്,വേറെ ആളായി കൂടെ..ചെയ്തത്.?

ഞാനൊന്നു പറയട്ടെ സുഹൃത്തേ ഞങ്ങൾ ആരും വിശ്വസിച്ചില്ല ഇയാളാണെന്ന് പക്ഷേ തുടർന്നുണ്ടായ അന്വേഷണത്തിൽ വാസു കുട്ടൻ 10 ലക്ഷത്തോളം രൂപ ലോൺ എടുത്തിരുന്നു.

ആദ്യാപിക ആയിരുന്ന ലതകുമാരി വാസുകുട്ടന്റെ കുടുംബത്തിനെ പലതവണ സാമ്പത്തിക സഹായം ചെയ്തിട്ടുണ്ട്.വാസു കുട്ടന് അല്ല പണം കൊടുത്തിരുന്നത്, സഹദർമ്മിണി ശ്രീ കലയ്ക്ക്.ഒരാഴ്ച മുൻപ് കൈലാസ് ഭവനത്തിൽ മദ്യപിച്ചു വന്ന ലതാകുമാരിയുമായി വാക്കു തർക്കം ഉണ്ടാവുകയും, പൂച്ചെടികൾ എറിഞ്ഞുടക്കുകയും ചെയ്തിരുന്നു. സമീപവാസികൾ ഇയാൾ ഇറങ്ങിപ്പോകുന്നത് കണ്ടിട്ടുണ്ട്.

ഇയാൾ കൊല നടന്ന രാത്രി പതിനൊന്നരയ്ക്ക് ശേഷം മതിൽ ചാടി ഇറങ്ങി പോകുന്നത് ലതാകുമാരി ടീച്ചറിന്റെ ജ്യേഷ്ഠ സഹോദരിയുടെ മകൻ മുറ്റത്തുനിന്ന് കണ്ടതായി മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. കേസ് എന്നെ ഏൽപ്പിക്കാൻ ഉത്തരവായതോടെ..സമീപവാസികളുടെ മൊഴികളും പ്രവേശന മുറിയിൽ വാസുക്കുട്ടന്റെ കരിപുരണ്ട സ്പാനറും മുടിയും പോലീസിനു ലഭിച്ചിരുന്നു.

ഡോഗ് സ്ക്വാഡിനെ വിളിച്ച് വീട് പരിശോധിച്ചപ്പോൾ അത് ഓടിയത് 2 കിലോമീറ്റർ മാറി താമസിക്കുന്ന വാസു കുട്ടന്റെ വീട്ടിലേക്ക്, അയാൾ ഉടനെ കുറ്റം സമ്മതിക്കുകയും ചെയ്തു.സാധാരണയായി അല്ലു ചില്ലറ വേലകൾ കാണിക്കാറുണ്ടായിരുന്നവനാണ്.

വെങ്കിടേശനാകാംക്ഷ പൂർവ്വം കേട്ടിരുന്നിട്ട് ചോദിച്ചു…

സാർ അയാൾ പണത്തിനു വേണ്ടിയാണോ കൊന്നത്?

അതെ.
അതിനു വേണ്ടി തന്നെ ആണ് അയാൾക്കൊന്നത്. അതിലേക്ക് വരികയാണ് ഞാൻ, ഇയാൾ ഒമ്പതരയോടെ കൈലാസ് ഭവനത്തിൽ എത്തി.

”ടീച്ചറെ വാതിൽ തുറക്ക് “ഞാൻ വാസുവാ എന്ന് ദയനീയമായ സ്വരത്തോടെ പറഞ്ഞു.

ഇവർ ഗേറ്റ് തുറന്ന് അകത്തുകയറി വാതിൽ മുട്ടുന്നത് സമീപവാസി അനില ജനലിൽ കൂടി കണ്ടതായി മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. അധ്യാപിക ആദ്യം കതക് തുറന്നില്ല.

എന്നാൽ ഇവരെ പ്രധാനപ്പെട്ട കാര്യം പറയാനുണ്ട് എന്ന വ്യാജേന കതക് തുറപ്പിച്ചു അകത്തുകയറി,പ്രധാന വാതിൽ അടച്ചു കുറ്റിയിട്ടു.
ഉടനെതന്നെ അദ്യാപിക ഒച്ച വെച്ചു, ഒച്ച വെയ്ക്കാതെടി എന്നു പറഞ്ഞ അധ്യാപിക ഉപയോഗിച്ചിരുന്ന സ്ട്രക്ചർ വലിച്ചെടുത്തു തലക്കടിച്ചു.
ഇവർക്ക് ബോധം പോയി, അകത്തെ മുറിയിലെ അലമാരയിൽ 50 പവനോളം ഉള്ള ആറ് സ്വർണവളയും മാലയും എടുത്തു ഇയാൾ പുറത്തിറങ്ങുന്നതിനു മുൻപ് തന്നെ സമീപവാസികൾ പ്രധാനവാതിൽ മുട്ടിക്കൊണ്ട് ഒച്ച വെച്ച് വെളിയിൽ നിൽപ്പ് ഉണ്ടായിരുന്നു.

വാസു അടുക്കള വാതിൽ കൂടി പുറത്തിറങ്ങി പരിസരത്തെ ചെടികൾക്കിടയിൽ മറഞ്ഞിരുന്നു.
വെങ്കിടേഷ് അയ്യർ ആകാംഷയോടെ ചോദിച്ചു.

എന്തിനാണ് അയാൾ ചെടികൾക്കിടയിൽ മറഞ്ഞത്?

സ്വർണം മുഴുവൻ കിട്ടിയില്ല…ഞാനൊന്നു പറഞ്ഞു തീർക്കട്ടെ സുജീഷ് കുമാർ തുടർന്നു..

അനിലയും ഭർത്താവ് അഖിലും കതക് ബലമായി ചവിട്ടി തുറന്ന് അകത്തു കയറി. വാസു ടീച്ചറിനെ കൊന്നു എന്ന് വിചാരിച്ച് പരിഭ്രാന്തരായി ഇവർ മറ്റുള്ളവരെ അറിയിക്കാൻ പുറത്തിറങ്ങി. ടീച്ചറിന്റെ ജേഷ്ഠന്റെ മക്കൾ എസ്എൻഡിപി മന്ദിരത്തിന്റെ അടുത്ത് താമസിക്കുന്നുണ്ട് ഇവർ വെളിയിൽ ഇറങ്ങിയ തക്കത്തിന് വാസു അകത്തു കയറി ഇവരെ കെട്ടിത്തൂക്കി. എന്നിട്ട് പുറകിലത്തെ മതിൽ വഴി രക്ഷപ്പെട്ടു.

ഡിവൈഎസ്പി സുജീഷ് കുമാർ പറഞ്ഞുതീർന്നപ്പോൾ വെങ്കിടേഷ് അയ്യർ ചോദിച്ചു.. ഇതിൽ വ്യക്തമാണല്ലോ സാർ വാസു തന്നെയാണല്ലോ കൊലയാളി കാരണം അവൻ കവർച്ച ചെയ്ത ആഭരണങ്ങളും ഇത്രയധികം ഉള്ള കേസിൽ സാറിനെ എന്തിന് സസ്പെൻഡ് ചെയ്തു.
അത്ഭുതമായിരിക്കുന്നു . നമ്മുടെ നിയമ സംവിധാനം.
താറുമാറായിരിക്കുന്ന ഏക തെളിവല്ലേ.. സാർ ഈ കേസ്...
സംശയം ഉണ്ടോ-

മിസ്റ്റർ സുജീഷ് കുമാർ മറുപടി പറഞ്ഞു. എനിക്കിത് വിശ്വസിക്കാൻ കഴിയുന്നില്ല സാർ അയാൾ സുജീഷ് കുമാറിനെ നോക്കി വീണ്ടും പറഞ്ഞു.
കീഴ്ജീവനക്കാർക്ക് ആർക്കും ശിക്ഷ നടപടി ഇല്ലാതെ സാറിന് മാത്രമായി സസ്പെൻഷൻ. അല്ല സാർ അവർ കണ്ടെത്തിയ വീഴ്ച എന്താ?

വെങ്കിടേഷ് നിർത്താതെ സുജീഷ് കുമാറിനോട് ചോദിച്ചുകൊണ്ടിരുന്നു.

അല്ല വെങ്കിടേഷ് ഇത് കവർച്ച നടത്തിയത് വാസു ആണെന്ന് ബോധ്യമായി കഴിഞ്ഞതാണ്. അവന്റെ കൈയിൽനിന്ന് ആഭരണങ്ങൾ പിടിച്ചെടുത്തു,പക്ഷേ ലതാകുമാരി എന്ന റിട്ടയേർഡ് അധ്യാപികയെ കൊന്നത് വാസു അല്ലെന്നാണ് ഡിപ്പാർട്ട്മെന്റിലെ മേലാളന്മാരുടെ കണ്ടെത്തൽ, സുരേഷ് കുമാർ പറയുന്ന കേട്ട് വെങ്കിടേഷ് അയ്യർ അന്താളിച്ചുപോയി. വെങ്കിടേഷ് തുടർന്നു ,

അപ്പോൾ മേലാളന്മാരുടെ നിഗമനം എന്തായിരുന്നു?

എന്താടിസ്ഥാനത്തിലാണ് വാസു അല്ല ആ കൊല ചെയ്തത് എന്നു പറയുന്നത്.?
അയാൾ അതിനു മുൻപും ആ വീട്ടിൽ വന്നു വഴക്കുണ്ടാക്കിയത് കണ്ട ദൃസാക്ഷികൾ ഇല്ലേ..?

സുജീഷ് കുമാറും വെങ്കിടേഷ് അയ്യരും ഗവി യിലേക്കുള്ള കയറ്റം പതുക്കെ കയറാൻ തുടങ്ങി .ഇതുവരെ ഉണ്ടായിരുന്ന വണ്ടിയുടെ പ്രസരിപ്പ് ഇപ്പം കാണാനില്ല .. എവിടെയൊക്കെ പൊട്ടലും ചീറ്റലും കേൾക്കാൻ തുടങ്ങി. സഞ്ചാരികൾ സീറ്റുകളുടെ എണ്ണത്തിന് മാത്രമേ ഉണ്ടായിരുന്നുള്ളൂ . മലഞ്ചരിവിലെ ദൃശ്യങ്ങൾ സഞ്ചാരികൾക്ക് കണ്ണിനു കുളിർമയും ഭീതിയും ഒരുപോലെ കൊണ്ടെത്തിക്കുന്നത് ആയിരുന്നു.

സുധീഷ് കുമാർ വെങ്കിടേഷ് അയ്യരുടെ സംശയത്തിന് മറുപടി പറയാൻ തുടങ്ങി. വാസു ഒരു താണ ജാതി ക്കാരനായിരുന്നു, ഇയാൾ വേലി കഴിച്ചത് ലത കുമാരിയുടെ കുടുംബത്തിൽപ്പെട്ട നായർ യുവതിയെ ഇവർക്കിടയിൽ അസ്വരാസ്യം പതിവ് ആയിരുന്നു.വാസുവിനെതിരെ അടിപിടി കേസ് ഇതിനുമുമ്പ് ഇരവിപേരൂർ സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .അന്വേഷണ ചുമതലയിലുള്ള ഞങ്ങൾക്കെല്ലാം ബോധ്യമായിരുന്നു ഇയാളാണ് കൊലപാതകി എന്ന് .
എന്നാൽ കേസ് ഫയൽ ക്ലോസ് ചെയ്യുന്നതിന് മുൻപ് കൃത്യ നിർവ്വഹണത്തിൽ പാളിച്ച പറ്റിയെന്നോ ക്രമക്കേട് ഉണ്ടായെന്നോ പറഞ്ഞ് നീണ്ട ആറുമാസത്തേക്ക് സസ്പെൻഡ് ചെയ്തതായി എന്നുപറഞ്ഞ് ഉത്തരവ് അടിച്ചു കയ്യിൽ തന്നു. മേലാളന്മാരുമായി ഞാനും നല്ല രമ്യതയിൽ അല്ലായിരുന്നു .
കൂടുതൽ വികാരപ്രകടനങ്ങൾക്ക് പോവാതെ സന്തോഷത്തോടെ ചെരുപ്പ് ഇട്ട് മടങ്ങി .

അപ്പോൾ വാസു എവിടെ..?

വെങ്കിടേഷ് അയ്യർ ചോദിച്ചു.

അവരെ മോഷണക്കേസിൽ റിമാൻഡ് ചെയ്തു. സുജീഷ് മറുപടി പറഞ്ഞു.

ഇപ്പോഴും പോലീസുകാർ പ്രതിയെ അന്വേഷിക്കുന്നുണ്ടോ?

പേരിനൊരു അന്വേഷണം അല്ലാതെ ഒന്നും ഇല്ല.. എന്നിട്ട് ഫയൽ ക്ലോസ് ചെയ്യും കൊലപ്രതി സമൂഹത്തിൽ കുറ്റങ്ങൾ വീണ്ടും ചെയ്യുമ്പോൾ പിടിക്കപ്പെടും.. അല്ലാതെ ഈ കേസിൽ ഒരു കൊലപ്രതി ഇല്ല..
സുജീഷ് കുമാർ തറപ്പിച്ചു പറഞ്ഞു..
ആ അതുതന്നെയാണ് സാർ,
സാർ പറഞ്ഞതാണ് ശരി. ഇതിൽ വേറൊരു പ്രതി ഇല്ല.

സമയം സായാഹ്നത്തിൽ കൂടി സഞ്ചരിച്ചു.
ആനവണ്ടി ഗവി അടുക്കാൻ ഒരു മണിക്കൂർ കഷ്ടിച്ചു മാത്രം,സുജീഷ് കുമാർ തലചരിച്ചു വെച്ച് കാറ്റിന്റെ തലോടലിൽ ഉറക്കത്തെ മാടിവിളിച്ചു, വെങ്കിടേഷ് അയ്യർ എന്തോ ചോദിക്കാൻ തയ്യാറെടുത്തെങ്കിലും സുജീഷിന്റെ ഉറക്കത്തിന്റെ കൂർക്കം ആനവണ്ടിയുടെ അമർച്ചയെക്കാൾ ഭയാനകമായിരുന്നു, അയാൾ ഉറക്കം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു.

ഇനി എന്തെങ്കിലും പറഞ്ഞാൽ ചിലപ്പോൾ സസ്പെൻഷൻ ആയതിന്റെ കലിപ്പ് എന്നോട് തീർക്കും. സുജീഷ് കുമാർ ഒരറ്റത്ത് തല വെച്ചപ്പോൾ വെങ്കിടേഷ് മറ്റേ അറ്റത്ത് തല വെച്ച് കിടന്നു.

പല സഞ്ചാരികളും ഉറക്കത്തിന്റെ വാതിൽ തുറന്ന് അകത്തുകയറി,ഡ്രൈവർ മാത്രം ഉറക്കത്തിന്റെ വാതിൽ അടച്ചു,ഇരു ചെവികളും കണ്ണുകളും ഗവിയുടെ ലോകത്തെ വരവേൽക്കാൻ കാത്തിരുന്നു രാത്രി എഴേകാൽ ആയപ്പോഴേക്കും ഗവിയിലെത്തി. സഞ്ചാരികൾ കണ്ണു തിരുമ്മി എണീറ്റും, പലരും വെച്ചിരുന്ന ബാഗുകൾ വെച്ചിരിക്കുന്നത് നോക്കി വെപ്രാളം പൂണ്ടു, കശ പിശയും മുഴൾച്ചയും ബസിന്റെ എല്ലാ വശങ്ങളിലും കേൾക്കാൻ തുടങ്ങി.
ഡ്രൈവർ വെളിയിൽ ഇറങ്ങി ഡോർ അടച്ചു.സഞ്ചാരികൾ പലരും ഇറങ്ങി തുടങ്ങിയപ്പോൾ ഉറക്കത്തിന് വിട പറഞ്ഞ സുജീഷ് കുമാർ ബോധതലത്തിലേക്ക് വന്നെത്തി. അയാൾ കാലിനു കീഴിൽ വെച്ചിരുന്ന ബാഗ് എടുത്ത് തന്റെ സഹായ യാത്രികനും അഞ്ച് ആറു മണിക്കൂർ തന്നെ ഉന്മേഷവാനാക്കിയ വെങ്കിടേഷ് അയ്യർ എവിടെ എന്ന് നോക്കി.

അയാളെ അടുത്ത സീറ്റിൽ കാണാനില്ലായിരുന്നു. അയാൾ നേരത്തെ ഇറങ്ങി പോയോ? എന്നാലും എന്നോട് ഒരു വാക്കുപോലും പറയാതെ അയാൾ എങ്ങോട്ട് പോയി. ഇത്രയും നേരം വാചാലനായി സംസാരിച്ച അദ്ദേഹം കോടമഞ്ഞിനെ പുൽകാൻ എന്നെക്കാൾ വേഗം ഇറങ്ങി പോയോ…

സുജീഷ് പതുക്കെ ബസ്സിൽ നിന്നിറങ്ങി ഇരുവശത്തേക്കും നോക്കി എവിടെ എങ്ങാനും വെങ്കിടേഷ് നിലനിൽപ്പുണ്ടോ?
എന്ന് ശ്രദ്ധിച്ചു.
പലരും ചായക്കട ലക്ഷ്യമാക്കി പോകുന്നത് കണ്ടു,ചിലർ താഴോട്ട് കൂട്ടം കൂടി നടക്കുന്നു.

സഞ്ചാരികളുടെ താമസസ്ഥലം അവിടെ ഉണ്ടത്രേ. സുജീഷ് മീശകളിൽ കൈ ഓടിച്ചു കോളർ രണ്ടും നേരെ ആക്കി, കഴുത്തിന്റെ ഭാഗത്തേക്ക് കൊണ്ടുവന്നു അയാൾ സ്തംഭിതനായി. ഞാൻ ധരിച്ച സ്വർണമാല കാണാനില്ല.ഞാൻ സ്വർണ്ണമാല ഇട്ടുകൊണ്ടാണോ വീട്ടിൽ നിന്നിറങ്ങിയത്, അതെ ഞാൻ സ്വർണ്ണമാല ഇട്ടുകൊണ്ട് തന്നെയാണ് ഇറങ്ങിയത്.

അതെവിടെ..?

സുജീഷ് ഭയപരവശൻ ആയി,അയാൾ അതിനു മുമ്പ് പേടിച്ചിട്ടില്ല, പോലീസിന്റെ മാല എടുത്തവനെ പൊക്കിയിരിക്കും. സുജീഷ് ഉറപ്പിച്ചു.

അയാൾ പോക്കറ്റിൽ നിന്ന് പേഴ്സ് എടുത്തു. താൻ കരുതി വെച്ചിരുന്ന അയ്യായിരം രൂപ അതിൽ നോക്കി അത് അപ്രത്യക്ഷമായിരിക്കുന്നു.. സുജീഷ് വല്ലാതെയായി..
അയാളുടെ കാലുകൾ അലക്ഷ്യമായി മുന്നോട്ടുവയ്ക്കാൻ തുടങ്ങി, മഞ്ഞു പതിയെ പുതപ്പിക്കാൻ വരുന്നു.

ആരെന്നെ സഹായിക്കും..?എന്റെ കൂടെ യാത്ര ചെയ്ത വെങ്കിടേഷ് ഒരു കള്ളനാണോ? അവനാണോ അദ്യാപികയെ കൊന്നത്?
ഇരുൾ ആഗമിക്കുന്നു പണം എന്റേതായിരുന്നു,
മാല ഭാര്യയുടെ പണം കൊണ്ട് വാങ്ങിച്ചതാണ്, സുജീഷ് തണുത്തു വിറയ്ക്കാൻ തുടങ്ങി……